**പതിനാലാം കേരള നിയമസഭ**

**ഒമ്പതാം സമ്മേളനം**

| **നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.1739** | | **31.01.2018-ൽ മറുപടിയ്ക്ക്** | |
|---|---|---|---|
| **തദ്ദേശസ്ഥാപനങ്ങൾ വഴി പെൻഷൻ വിതരണം** | | | |
| **ചോദ്യം** | | **ഉത്തരം** | |
| **ശ്രീ.വി.ഡി,സതീശൻ**<br>**ശ്രീ.എൽദോസ് പി.കുന്നപ്പിള്ളിൽ**<br>**ശ്രീ.കെ.സി.ജോസഫ്**<br>**ശ്രീ.ഐ.സി.ബാലകൃഷ്ണൻ** | | **ഡോ.കെ.ടി.ജലീൽ**<br>**തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പ് മന്ത്രി** | |
| (എ) | തദ്ദേശസ്ഥാപനങ്ങൾ വഴി നിലവിൽ ഏതൊക്കെ പെൻഷനുകളാണ് വിതരണം ചെയ്യുന്നത് | (എ) | ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ,<br>ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ,<br>ഇന്ദിരാഗാന്ധി ദേശീയവിധവാ പെൻഷൻ,<br>കർഷക തൊഴിലാളി പെൻഷൻ,<br>50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ. |
| (ബി) | പുതുതായി പെൻഷന് അപേക്ഷ നൽകി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ അംഗീകരിച്ചവരുടെ വിശദാംശം സർക്കാർ വെബ് സൈറ്റിൽ (സേവന) അപ് ലോഡ് ചെയ്യുവാൻ സാധിക്കാത്തതിനാൽ പുതുതായി അപേക്ഷിച്ചവർക്ക് പെൻഷൻ ലഭിക്കാത്ത സാഹചര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: | (ബി) | ഉണ്ട്. |
| (സി) | 2017 ഏപ്രിൽ മാസത്തിന് ശേഷം പുതുതായി അപേക്ഷ നൽകിയ ആർക്കെങ്കിലും പെൻഷൻ അനുവദിച്ചിട്ടുണ്ടോ; | (സി) | ഇല്ല. |
| (ഡി) | പുതിയ അപേക്ഷകൾ അപ് ലോഡ് ചെയ്യുന്നതിനുള്ള അവസരം അടിയന്തരമായി നൽകി പുതുതായി പെൻഷന് അപേക്ഷിച്ചവർക്ക് കൂടി പെൻഷൻ നൽകുമോ? | (ഡി) | ഗുണഭോക്തക്കളുടെ വിവരങ്ങളിലെ തെറ്റുകൾ തിരുത്തുന്നതിനും അനർഹരായ ഗുണഭോക്താക്കളെ കണ്ടെത്തി ഒഴിവാക്കുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ആയതിലേക്കാവശ്യമായ സോഫ്റ്റ് വെയർ പരിഷ്കരണം, ഡാറ്റാബേസ് മാനേജ്മെന്റ് എന്നിവ അന്തിമ ഘട്ടത്തിലാണ്. ആയത് പൂർത്തികരിയ്ക്കുന്ന മുറയ്ക്ക് ഗുണഭോക്താക്കളുടെ വിവരങ്ങൾ അപ് ലോഡ് ചെയ്ത് പുതുതായി പെൻഷന് അപേക്ഷിച്ചവർക്ക് കൂടി പെൻഷൻ വിതരണം നടത്തുന്നതാണ്. |

സെക്ഷൻ ഓഫീസർ